നം.കെ.എസ്.എ.പി.റ്റി.എ.പി2/343/2019 തീയതി: 08.05.2019

# പത്തനംതിട്ട ജില്ലയിലെ കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)-ാം വകുപ്പ്, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃതം പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽനിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ബ്ലോക്ക് പഞ്ചായത്ത് 18.10.2017 മുതൽ 31.03.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | **ശ്രീ ഷാജഹാൻ എ. എസ്.**<br>**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ** |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.04.2019 മുതൽ 17.04.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരു വിവരം | ശ്രീ റ്റി. അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)<br>ശ്രീ അരുൺ കുമാർ എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ |

**<u>നിർവ്വഹണാധികാരികൾ</u>**

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി നിർമ്മല മാത്യൂസ് (01.04.2017 മുതൽ 31.03.2018വരെ) |
| സെക്രട്ടറി | ശ്രീമതി റെക്സി തോമസ് (01.04.2017 മുതൽ 31.03.2018വരെ) |

**<u>റിപ്പോർട്ടിലെ ഉള്ളടക്കം</u>**

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും, ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

**<u>ഭാഗം 1: പൊതു അവലോകനം</u>**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**<u>ഭാഗം 2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>**

രസീതു പരിശോധനയിലും ബ്ലോക്ക് പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**<u>ഭാഗം 3: ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>**

ബ്ലോക്ക് പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**<u>ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും</u>**

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

**അനുബന്ധം**

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ്
3. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്
4. റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

**സൂചിക**


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഭാഗം 1 – പൊതു അവലോകനം** | |
| 1. | ബജറ്റ് | 1-1 |
| 2. | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3. | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4. | ആഭ്യന്തര നിയന്ത്രണം | 1-4 |
| 5. | സാമ്പത്തിക വിശകലനം | 1-5 |
| 6. | ഫണ്ട് വിനിയോഗം | 1-6 |
| 7. | പദ്ധതി അവലോകനം | 1-7 |
| 8. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9. | വർക്കിംഗ് ഗ്രൂപ്പ് | 1-9 |
| | **ഭാഗം 2 – വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 10. | റീഫണ്ട് ചെയ്യാത്ത ഡെപ്പോസിറ്റ് തുകകൾ മുതൽ കൂട്ടിയിട്ടില്ല | 2-1 |
| 11. | ബാരൽ വില ഈടാക്കിയില്ല ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 2-2 |
| 12. | തടി ലേലം ചെയ്തിട്ടില്ല- ബ്ലോക്ക് പഞ്ചായത്തിന് നഷ്ടം | 2-3 |
| | **ഭാഗം 3 – ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 13. | ഡെപ്പോസിറ്റ് തുക തെറ്റായ ശീർഷകത്തിൽ ഒടുക്കി; പ്രവൃത്തി നടപ്പായില്ല | 3-1 |
| 14. | 1.42 ലക്ഷം രൂപ നിഷ്ഫലമായി വകയിരുത്തി | 3-2 |
| 15. | പ്രോജക്ടുകളുടെ കുറഞ്ഞ അടങ്കൽ പരിധി പാലിച്ചില്ല | 3-3 |
| 16. | ചുമതലയില്ലാത്ത മേഖലയിൽ പദ്ധതികൾ നടപ്പിലാക്കി | 3-4 |
| 17. | റോഡിതര മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു | 3-5 |
| 18. | റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് ക്രമപ്രകാരമല്ല | 3-6 |
| 19. | ചട്ടവിരുദ്ധമായി മരാമത്ത് പ്രവൃത്തി നടത്തി | 3-7 |
| 20. | ക്രമവിരുദ്ധമായി മരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി | 3-8 |
| 21. | സെക്രട്ടറിയുടെ പദ്ധതി നിർവ്വഹണത്തിൽ വീഴ്ച | 3-9 |
| 22. | വാട്ടർ അതോറിറ്റിക്ക് 2.5% അധികം സെന്റേജ് ചാർജ്ജ് നൽകി | 3-10 |
| 23. | സംയുക്ത പദ്ധതികളുടെ നടത്തിപ്പ് - അപാകതകൾ | 3-11 |
| 24. | എസ്.സി.പി. പ്രോജക്ടുകൾ നടപ്പിലാക്കിയത് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ | 3-12 |
| 25. | സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ കുടിവെള്ള പദ്ധതികൾ സ്ഥാപിക്കുന്നു | 3-13 |
| 26. | ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ - പദ്ധതി പാഴായി | 3-14 |

| | | |
|---|---|---|
| 27. | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ഇല്ല | 3-15 |
| 28. | ബാങ്ക് അക്കൗണ്ടിൽ ₹33.34 ലക്ഷം രൂപ കെട്ടികിടക്കുന്നു | 3-16 |
| 29. | മെയിന്റനൻസ് ഫണ്ട് വിനിയോഗത്തിൽ വീഴ്ച; 20.40 ലക്ഷം രൂപ നഷ്ടമായി | 3-17 |
| 30. | കുടുംബശ്രീ വിപണന കേന്ദ്രം നിഷ്ക്രിയം | 3-18 |
| 31. | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വികസന ഫണ്ടിൽനിന്നും ഓണറേറിയം നല്കി | 3-19 |
| 32. | സംയുക്ത പ്രോജക്ടുകൾക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 3-20 |
| 33. | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 3-21 |
| 34. | ഓഡിറ്റ് നിരീക്ഷണത്തെ തുടർന്ന് കരാറുകാരിൽനിന്നും പിഴ ഈടാക്കി | 3-22 |
| | ഭാഗം 4 – ഓഡിറ്റ് പ്രത്യവലോകനം | |
| 35. | ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-1 |
| 36. | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-2 |
| 37. | വായ്പ/വായ്പ തിരിച്ചടവ് | 4-3 |
| 38. | സ്ഥിര നിക്ഷേപങ്ങൾ | 4-4 |
| 39. | ഓഡിറ്റ് റിക്കവറി | 4-5 |
| 40. | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-6 |
| 41. | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 42. | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-8 |



# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 23.03.17-ൽ കൂടിയ 3(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 12.03.18-ലെ 2-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 19.05.2018 | 31.05.2018 | 20.07.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 18.06.18 | കെ.എസ്.എ.പി.റ്റി.എ.പി.12/700/18, തീ. 12.07.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ്

# പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 17895533 |
| വരവ് | 50627613 |
| ആകെ | 68523146 |
| ചെലവ് | 60823165 |
| നീക്കിയിരിപ്പ് | 7699981 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | സംസ്ഥാന സർക്കാർ അനുവദിച്ച തുക | ചെലവ് തുക | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 24107432 | 20526292 | 3581140 | 85.15 |
| വികസന ഫണ്ട് (എസ്.സി.പി) | 10405000 | 8331720 | 2073280 | 80.07 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 273000 | 273000 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 3515747 | 1475517 | 2040230 | 41.97 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗീകമായി നടപ്പിലാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 101 | 70901103 | 68 | 30855075 | 13 | 20 | 67.33 |

**പദ്ധതി നിർവ്വഹണത്തിലെ വീഴ്ചകൾ**

1. റോഡിതര മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗത്തിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ലഭ്യമായ ഫണ്ടിന്റെ 41.97ശതമാനം മാത്രമാണ് ചെലവഴിച്ചത്. മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി ആവിഷ്കരിച്ച 3051000 ലക്ഷം രൂപ അടങ്കലുള്ള 3 പ്രോജക്റ്റുകൾ തൻവർഷം നടപ്പിലാക്കിയില്ല.
2. ബ്ലോക്ക് പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ ആവിഷ്കരിക്കുന്നതിനു പകരം ഡിവിഷൻ അടിസ്ഥാനത്തിൽ ഫണ്ട് വീതം വെച്ച് പദ്ധതികൾ ആവിഷ്കരിക്കുന്നു. ഫണ്ടുകളുടെ നേരിയ തോതിലുള്ള വിന്യാസം പ്രോജക്റ്റുകളുടെ ഫലപ്രാപ്തിയെ ബാധിക്കുന്നു.
3. പദ്ധതി മോണിട്ടറിംഗ് ഫലപ്രദമായി നടത്തിയിട്ടില്ല. മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ നിഷ്ക്രീയമാണ്.

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1243.50 | 865194 | 866437.5 | 865956 | 481.5 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 0 | 0 | 0 | 0 |

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.02.2019 | 2017-18 മുതൽ 2019 ജനവരി വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.12.12 – 26.12.12 | 2008-09 മുതൽ 2011-12 വരെ | 08.01.2013 |

# 1-9 ആഭ്യന്തര നിയന്ത്രണം

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിട്സ് കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. വൗച്ചറുകൾ, രജിസ്റ്ററുകൾ എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്.

പദ്ധതിയിൽ ഉൾപ്പെടുന്ന ഓരോ പ്രോജക്ടും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കേണ്ടതുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രോജക്ട് അംഗീകാര തീരുമാന നമ്പർ, തീയതി എന്നിവ പ്രോജക്ട് രേഖയിൽ രേഖപ്പെടുത്തി സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഒപ്പുവയ്ക്കണം. എന്നാൽ ഓഡിറ്റ് വർഷത്തെ പ്രോജക്ടുകൾക്ക് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അംഗീകാരം വാങ്ങിയിട്ടുള്ളതായി കാണുന്നില്ല.

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 റീഫണ്ട് ചെയ്യാത്ത ഡെപ്പോസിറ്റ് തുകകൾ മുതൽ കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 56 (ബി )പ്രകാരം ഡെപ്പോസിറ്റ് ഇനത്തിലും ഇ.എം.ഡി ഇനത്തിലും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ വരവ് വന്ന തുകകൾ മൂന്ന് വർഷത്തിലധികമായി റീഫണ്ട് ചെയ്യാതെ വരുമ്പോൾ അവ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകാരത്തോടെ തനത് ഫണ്ട് അക്കൗണ്ടിൽ മുതൽ കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ ഈ ഇനത്തിൽ വരവു വന്ന തുകകൾ നാളിതുവരെ മുതൽകൂട്ടിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | റീഫണ്ട് ചെയ്യാത്ത തുക |
|---|---|
| 2015-16 | 130000 |

പ്രസ്തുത തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അടിയന്തിരമായി തീരുമാനമെടുക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-2 ബാരൽ വില ഈടാക്കിയില്ല ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിന് നഷ്ടം

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ പ്രോജക്ട് നം. 111/18 പ്രകാരം ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുള്ള കുളത്തൂർ പടി റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിക്ക് 15 ബാരൽ ടാറും, 2 ബാരൽ എമൽഷനും ഉപയോഗിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കരാറുകാരനുള്ള ബില്ലിൽനിന്നും കാലി ബാരലുകളുടെ വില കുറവ് ചെയ്തിട്ടുള്ളതായി കാണുന്നില്ല. ബാരൽ ഒന്നിന് 238 രൂപയും, 12% GST-യും ഉൾപ്പടെ ആകെ 267 രൂപ ക്രമത്തിൽ ബാരൽ വില ഈടാക്കേണ്ടതായിരുന്നു. ബാരൽ വില ഈടാക്കാതിരുന്നതു മൂലം 4539 രൂപ (17×267) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ട്. ആയത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥയിൽനിന്നും ഈടാക്കേണ്ടതാണ്.

## 2-3 തടി ലേലം ചെയ്തിട്ടില്ല- ബ്ലോക്ക് പഞ്ചായത്തിന് നഷ്ടം

ബ്ലോക്ക് പഞ്ചായത്ത് പരിസരത്ത് അപകടകരമായി നിൽക്കുന്നതും, കടപുഴകി വീണതുമായ മരങ്ങൾ ലേലം ചെയ്യുന്നതിന് ഫോറസ്റ്റ് വകുപ്പ് അധികാരികൾക്ക് കത്ത് നൽകി വാല്യുവേഷൻ എടുക്കുന്നതിന് 18.04.17-ലെ IV, V നമ്പർ തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ പ്രസ്തുത തീരുമാനം നടപ്പിലാക്കിയതായോ, തടികൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിതായോ കണ്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.24/16.04.19) അധികൃതർ മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഡെപ്പോസിറ്റ് തുക തെറ്റായ ശീർഷകത്തിൽ ഒടുക്കി; പ്രവൃത്തി നടപ്പായില്ല

ഓതറ മാർക്കറ്റ് കുടുംബശ്രീ വിപണന കേന്ദ്രത്തിന്റെ വൈദ്യുതീകരണത്തിന് ആവിഷ്കരിച്ച പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതായി ഓഡിറ്റ് നടത്തിയ പരിശോധനയിൽ വ്യക്തമായി. പ്രവൃത്തി നടത്തുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് 30.09.15-ൽ ബ്ലോക്ക് പഞ്ചായത്തിൽനിന്നും ആവശ്യപ്പെട്ടതിനെ തുടർന്ന് 21.04.16-ൽ തന്നെ പത്തനംതിട്ട പൊതുമരാമത്ത് വൈദ്യുതി വിഭാഗം 179800 രൂപ അടങ്കലുള്ള ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിരുന്നു. എന്നാൽ എസ്റ്റിമേറ്റിന് യഥാസമയം സാങ്കേതികാനുമതി ലഭ്യമാക്കി തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥ വീഴ്ചവരുത്തി. നടപടി ക്രമങ്ങൾ പൂർത്തിയാക്കി തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള ട്രഷറി ബിൽ 31.03.17 തീയതിയിലാണ് ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളത്. താമസിച്ച് സമർപ്പിച്ചിട്ടുള്ള ബിൽ മാർച്ച് 31-ന് പേയ്മെന്റ് നടത്താൻ കഴിയാതെ ക്യൂവിലായി. ക്യൂ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കേണ്ട അവസാന തീയതി 30.06.17 ആയിരുന്നു. എന്നാൽ അവസാന തീയതിയ്ക്ക് ഒരു ദിവസം മുമ്പ് മാത്രമാണ് ബിൽ ട്രഷറിയിൽ സമർപ്പിച്ച് ഇ-പേയ്മെന്റ് മുഖേ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചത്.

ഫയൽ പരിശോധിച്ചതിൽ പ്രസ്തുത തുക പത്തനംതിട്ട പി.ഡബ്ല്യു.ഡി. ബിൽഡിംഗ് ഡിവിഷന്റെ ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കുന്നതിനു പകരം തെറ്റായി തൃശ്ശൂർ ഇലക്ട്രിക്കൽ ഡിവിഷന്റെ ഹെഡ് ഓഫ് അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുള്ളതെന്ന് കണ്ടു. ഇപ്രകാരം തെറ്റായി തൃശ്ശൂർ ഡിവിഷനിൽ ഡെപ്പോസിറ്റ് ചെയ്ത തുക പത്തനംതിട്ട പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനായി 04.12.18-ൽ തൃശ്ശൂർ പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗം എക്സി. എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതിയിലും അപാകത പരിഹരിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിന് സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ പദ്ധതിയ്ക്ക് ചെലവഴിച്ച 179800 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക ഡെപ്പോസിറ്റ് ചെയ്യുന്നതിലുണ്ടായിട്ടുള്ള അപാകത പരിഹരിച്ച് പ്രവൃത്തി നടപ്പിലാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 1.42 ലക്ഷം രൂപ നിഷ്ഫലമായി വകയിരുത്തി

2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പരിശോധിച്ചതിൽ കാരണം കൂടാതെ ഗണ്യമായ തുക unforseen ആയി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി പ്രവൃത്തികളുടെ അടങ്കൽ നിശ്ചയിച്ചിട്ടുള്ളതായി കാണുന്നു. unforseen ആയി ഉൾപ്പെടുത്തുന്ന തുകകൾ പ്രവൃത്തി നിർവ്വഹണത്തിന് ഉപയോഗിക്കാൻ കഴിയില്ലെന്നിരിക്കെ തുക റൗണ്ട് ചെയ്യുന്നതിനല്ലാതെ പതിനായിരകണക്കിന് രൂപ എസ്റ്റിമേറ്റിൽ ഇപ്രകാരം വകയിരുത്തി ഫണ്ട് ലാപ്സാക്കിയത് ക്രമപ്രകാരമല്ല. ഇപ്രകാരം ലാപ്സാക്കിയ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ | പ്രോജക്ടിന്റെ പേര് | അടങ്കൽ | എസ്റ്റിമേറ്റ് | എസ്റ്റിമേറ്റിൽ ലംപ്സമായി വകയിരുത്തി |
|---|---|---|---|---|

| നം. | | തുക | തുക | ലാപ്സാക്കിയ തുക |
|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന്റെ കോൺഫറൻസ് ഹാൾ പുനരുദ്ധാരണം (64/18) | 500000 | 453145.57 | 46854.43 |
| 2 | തോട്ടപ്പുഴ കോളനി സംരക്ഷണഭിത്തി നിർമ്മാണം (67/18) | 400000 | 391401.72 | 8598.28 |
| 3 | കുന്നം കോളനികമ്മ്യൂണിറ്റി ഹാൾ നവീകരണം (31/18) | 592000 | 532267.00 | 59733.00 |
| 4 | പൊതുസ്ഥലങ്ങളിൽ ശുചിത്വാലയം നിർമ്മണം (65/18) | 1019490 | 1012915.47 | 6574.53 |
| 5 | എൻ.എസ്.എസ്.കെ.യു.പി.എസ്. ശങ്കര മംഗലം റോഡ് കോൺക്രീറ്റിംഗ് (32/18) | 500000 | 496761.00 | 3239.00 |
| 6 | അരിവിക്കുഴി ചേന്നമല റോഡ് കോൺക്രീറ്റിംഗ് (112/18) | 500000 | 482847.63 | 17152.37 |
| | ആകെ | | | 142151.61 |

മേൽ പറഞ്ഞ 6 പ്രവൃത്തികളിലായി 1.42 ലക്ഷം രൂപയാണ് പ്രയോജന രഹിതമായി എസ്റ്റിമേറ്റിൽ വകയിരുത്തിയത്. തുകകൾ റൗണ്ട് ചെയ്യുന്നതിനല്ലാതെ ലംപ്സമായി എസ്റ്റിമേറ്റിൽ തുക വകയിരുത്തിയത് ക്രമപ്രകാരമല്ല. അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിലേക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-3 പ്രോജക്ടുകളുടെ കുറഞ്ഞ അടങ്കൽ പരിധി പാലിച്ചില്ല

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം [ജി.ഒ.(എം.എസ്.)നം.72/2017/തസ്വഭവ, തീ. 29.03.17 – ഖ.6.9(2)] ബ്ലോക്ക് പഞ്ചായത്തുകൾ 5 ലക്ഷം രൂപയിൽ കുറവ് അടങ്കലുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല (റോഡിതര മെയിന്റനൻസ് ഫണ്ട് വകയിരുത്തി ഏറ്റെടുക്കുന്ന റോഡിതര ആസ്തികളുടെ പൂർത്തീകരണ പ്രോജക്ടുകളും, ഘടക സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവൃത്തികൾക്കോ വാങ്ങലുകൾക്കോ വേണ്ടിയുള്ള പ്രോജക്ടുകൾ ഒഴികെ). എന്നാൽ 2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന 101 പ്രോജക്ടുകളിൽ 47 എണ്ണവും 5 ലക്ഷം രൂപയിൽ കുറവ് അടങ്കലുള്ളവയായിരുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 87 | ഭിന്നശേഷി ഉള്ളവരുടെ സഹായ ഉപകരണ വിതരണം | 156400 |
| 2 | 17 | ശങ്കരമംഗലപടി - പ്രയാറ്റ് കടവ് പൈപ്പ് ലൈൻഎക്സ്റ്റൻഷൻ | 225000 |
| 3 | 18 | കടയാർ മുതുപാലയ്ക്കൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 302818 |
| 3 | 21 | തെള്ളിയൂർ ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 302818 |
| 4 | 23 | വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (ഡിവിഷൻ 4) | 302818 |
| 5 | 24 | വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (ഡിവിഷൻ 7) | 60409 |
| 6 | 25 | വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (ഡിവിഷൻ 7) | 192409 |
| 7 | 26 | വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (ഡിവിഷൻ 8) | 200000 |
| 8 | 28 | അരുവിക്കുഴി സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (ഡിവിഷൻ 8) | 102818 |
| 9 | 30 | വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (ഡിവിഷൻ 11) | 360000 |
| 10 | 33 | പഴയകാവ് കുടിവെള്ള പദ്ധതി (ഡിവിഷൻ 12) | 302818 |
| 11 | 34 | വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (ഡിവിഷൻ 13) | 389000 |
| 12 | 35 | കല കായിക പ്രാചീന കലകളുടെ പ്രോത്സാഹനം | 37082 |
| 13 | 42 | കണ്ണംപാറ പെരുമ്പാറ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 92000 |
| 14 | 46 | കോഴിമല കുടിവെള്ള പദ്ധതി - മോട്ടോർ അനുബന്ധ | 142000 |

| | | | |
|---|---|---|---|
| | | സൗകര്യങ്ങൾ | |

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയത് ശ്രദ്ധയിൽപ്പെടുത്തുന്നു. വാർഷിക പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗരേഖ കർശനമായി പാലിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# 3-4 ചുമതലയില്ലാത്ത മേഖലയിൽ പദ്ധതികൾ നടപ്പിലാക്കി

ബ്ലോക്ക് പഞ്ചായത്തിന് ചുമതലയില്ലാത്ത മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ച് പദ്ധതി പണം ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് രാജ് ആക്ടിലെ 4-ാം പട്ടികയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകൾ വിശദമാക്കിയിട്ടുണ്ട്. അതു പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളതും, സർക്കാർ കാലാകാലങ്ങളിൽ ഏൽപ്പിച്ചിട്ടുള്ളതുമായ ചുമതലകൾ നിറവേറ്റുന്നതിനുവേണ്ടിയാകണം പദ്ധതികൾ ആവിഷ്കരിക്കാൻ. നിയമ പ്രകാരം വിദ്യുച്ഛക്തിയും, ഊർജ്ജവും മേഖലയിൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ വികസിപ്പിക്കുക എന്ന ഒരു ചുമതല മാത്രമാണ് ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളത്. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം ത്രിതല പഞ്ചായത്തുകൾക്ക് സംയുക്തമായി വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. എന്നാൽ ഇപ്രകാരമല്ലാതെ ബ്ലോക്ക് പഞ്ചായത്തിലെ വിവിധ ഡിവിഷനുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് പദ്ധതികൾ ആവിഷ്കരിച്ച് കെ.എസ്.ഇ.ബി-യിൽ തുകകൾ ഡെപ്പോസിറ്റ് ചെയ്തത് ക്രമപ്രകാരമല്ല. പദ്ധതി വിഹിതത്തിൽനിന്നും 4 പ്രോജക്ടുകൾക്ക് 674382 രൂപ ചെലവഴിച്ചത് അനധികൃതമാണ്. ചുമതലയില്ലാത്ത മേഖലകളിൽ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

# 3-5 റോഡിതര മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു

മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ പ്രകാരം റോഡിതര മെയിന്റനൻസ് ഗ്രാന്റ് കൈമാറികിട്ടിയ ആസ്തികളുടെ അറ്റകുറ്റപ്പണികൾക്കും, കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് ടോയ് ലറ്റ്, ചുറ്റുമതിൽ, സ്റ്റോർ റൂം, വൈദ്യുതി, കുടിവെള്ളം മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടിയുമാണ് ചെലവഴിക്കേണ്ടത്. പഞ്ചായത്തിന്റെ തനത് ആസ്തികളുടെ നിർമ്മാണത്തിനും, അറ്റകുറ്റപ്പണികൾക്കും റോഡിതര മെയിന്റനൻസ് ഗ്രാന്റ് ചെലവഴിക്കാൻ പാടില്ല (സർക്കുലർ നം.75326/എഫ്.എം.1/2007/തസ്വഭവ, തീ.30.01.2008). അതുപോലെതന്നെ പുതിയ നിർമ്മാണങ്ങൾക്കും മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിന് വ്യവസ്ഥയില്ല. എന്നാൽ സർക്കാരിന്റെ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഓഡിറ്റ് വർഷം പഞ്ചായത്തിന്റെ തനത് ആസ്തികളുടെ സംരക്ഷണത്തിനായും, പുതിയ നിർമ്മാണങ്ങൾക്കായും ചുവടെ ചേർക്കും പ്രകാരം 3601648 രൂപ വകയിരുത്തി 4 പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ മെയിന്റനൻസ് ഗ്രാന്റ് | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 54 | മിനി വ്യവസായ എസ്റ്റിമേറ്റിന് കെട്ടിട അറ്റകുറ്റപ്പണി | 150000 | 0 |
| 2 | 64 | ബ്ലോക്ക് പഞ്ചായത്തിന്റെ കോൺഫറൻസ് ഹാൾ പുനരുദ്ധാരണം | 500000 | 453470 |
| 3 | 66 | ഓതറ മാർക്കറ്റ് കുടുംബശ്രീ വിപണന കേന്ദ്രത്തിന്റെ വൈദ്യുതീകരണം | 180000 | 179800 |
| 4 | 114 | ബ്ലോക്ക് പഞ്ചായത്തിനും വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്കും ഓഫീസ് സൗകര്യം ഒരുക്കൽ | 2771648 | 0 |
| | | ആകെ | 3601648 | 633270 |

മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി റോഡിതര മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചത് ശ്രദ്ധയിൽപ്പെടുത്തുന്നു. വകമാറ്റി ചെലവഴിച്ച തുകയ്ക്ക് സമാനമായ തുക വികസന ഫണ്ടിൽനിന്നോ, ജനറൽ പർപ്പസ് ഫണ്ടിൽനിന്നോ മെയിന്റനൻസ് പ്രോജക്ടുകൾക്ക് വകയിരുത്തി അപാകത പരിഹരിക്കേണ്ടതാണ്.

# 3-6 റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് ക്രമപ്രകാരമല്ല

2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം. 63/18 പ്രകാരം സ്പിൽ ഓവറായി നടപ്പിലാക്കിയ പ്രോജക്ടാണ് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണി. റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും 500000 ലക്ഷം രൂപ വകയിരുത്തിയാണ് പ്രോജക്ട് ആവിഷ്കരിച്ചത്. ശ്രീ ജോസഫ് തോമസ് എന്ന കരാറുകാരനാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ അളവ് പുസ്തക പ്രകാരം (15/2016-17) കരാറുകാരൻ 497500 രൂപയുടെ പ്രവൃത്തി നടത്തിയിട്ടുണ്ട്. നിയമപ്രകാരമുള്ള കിഴിവുകൾ നടത്തിയതിനുശേഷം കരാറുകാരന് 467650 രൂപ പ്രതിഫലം നൽകി. ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. ബ്ലോക്ക് ഓഫീസിലെ ICDS ഓഫീസ് കെട്ടിടം, എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം കെട്ടിടം, ചുറ്റുമതിലിന്റെ പില്ലർ എന്നിവ മെയിന്റനൻസ് ചെയ്യുന്നതിനും, എൽ.എസ്.ജി.ഡി. ഓഫീസിൽ 12$m^2$ വിസ്തീർണ്ണത്തിൽ ഒരു മുറി നിർമ്മിക്കുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ടെണ്ടറും, റീടെണ്ടറും ക്ഷണിച്ചിട്ടും ആരും തന്നെ കരാറെടുക്കുന്നതിന് മുന്നോട്ടുവരാത്ത സാഹചര്യത്തിൽ ക്വട്ടേഷൻ ക്ഷണിച്ച് 0.5% കുറഞ്ഞ നിരക്കിൽ ശ്രീ ജോസഫ് തോമസ് എന്ന കരാറുകാരനെ പ്രവൃത്തി ഏൽപ്പിക്കുയാണുണ്ടായത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ അപ്പന്റിക്സ് 1-ൽ അറ്റകുറ്റപ്പണികളും, അപ്പന്റിക്സ് 2-ൽ നിലവിലുള്ള കെട്ടിടത്തിന് അനുബന്ധമായി റൂം നിർമ്മാണവുമാണ് ഉൾപ്പെടുത്തിയിരുന്നത്. എസ്റ്റിമേറ്റിലെ അപ്പന്റിക്സ് 1-ൽ ഐറ്റം നം.1 മുതൽ 12 വരെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായ ഉൾപ്പെടുത്തിയിരുന്ന ഇനങ്ങൾ പൂർണ്ണമായി ഒഴിവാക്കിയും, 9 പുതിയ ഇനങ്ങൾ ഉൾപ്പെടുത്തിയുമാണ് കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്. ഇതിനായി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും, ഇതിന് യഥാസമയം ഭരണാനുമതിയും, സാങ്കേതികാനുമതിയും വാങ്ങിയിട്ടില്ല. കൂടാതെ കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി വ്യതിയാനത്തിനുള്ള കാരണം രേഖപ്പെടുത്തി ചെക്ക് മെഷർ ചെയ്ത എഞ്ചിനീയറിൽനിന്നും അംഗീകാരം വാങ്ങുകയോ, കരാറുകാരനുമായി സപ്ലിമെന്റൽ എഗ്രിമെന്റ് ചമക്കുകയോ ചെയ്തിട്ടില്ല.

സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം ഒറിജിനൽ പ്രോജക്ടിൽ വിഭാവനം ചെയ്ത ഏതെങ്കിലും പ്രവൃത്തികൾ ഒഴിവാക്കുകയോ, കൂട്ടിചേർക്കുകയോ, മാറ്റംവരുത്തുകയോ ചെയ്യേണ്ടിവരുന്ന സാഹചര്യത്തിൽ പ്രവൃത്തിയുടെ ഭേദഗതി ചെയ്ത എസ്റ്റിമേറ്റിന് (Revised Estimate) കാലതാമസം കൂടാതെ സാങ്കേതികാനുമതി തേടേണ്ടതാണ്. പ്രവൃത്തി പൂർത്തിയാക്കിയശേഷമോ, നിർവ്വഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിനുശേഷമോ (Advanced stage of completion) സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകാൻ പാടില്ല. അളവ് പുസ്തകം പരിശോധിച്ചതിൽ പ്രവൃത്തിയുടെ അവസാന അളവ് 28.06.2017-ൽ രേഖപ്പെടുത്തിയിട്ടുള്ളതായി കണ്ടു. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള ഭരണാനുമതി വാങ്ങിയിരിക്കുന്നത് 25.07.17-നും (തീരുമാനം നം.III), റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി വാങ്ങിയിരിക്കുന്നത് 26.07.17-നുമാണ്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായാണ് റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകിയിട്ടുള്ളത്.

കൂടാതെ റോഡിതര മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച സർക്കാർ മാർഗ്ഗരേഖയും ഈ പദ്ധതിയുടെ കാര്യത്തിൽ പാലിച്ചിട്ടില്ല. റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നിലവിലുള്ള ആസ്തികളുടെ അറ്റകുറ്റപ്പണികളും, അനുബന്ധ സൗകര്യങ്ങളായ ടോയ്‌ലറ്റ്, സ്റ്റോർ റൂം, ചുറ്റുമതിൽ മുതലായവയും നിർമ്മിക്കുന്നതിനാണ് അനുമതിയുള്ളത്. അല്ലാതെ പുതിയ നിർമ്മാണങ്ങൾക്ക് മെയിന്റനൻസ് ഗ്രാന്റ് ചെലവഴിക്കുന്നതിന് വ്യവസ്ഥയില്ല. എന്നാൽ എൽ.എസ്.ജി.ഡി. ഓഫീസിന് കെട്ടിട സൗകര്യം ഒരുക്കുന്നതിനാണ് ഈ പ്രോജക്ടിൽ വകയിരുത്തിയ തുക ചെലവഴിച്ചിട്ടുള്ളത്.

മേൽ വിവരിച്ച അപാകതകൾ മുൻനിർത്തി ഈ പ്രവൃത്തിക്ക് ചെലവഴിച്ച 497500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയത് ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-7 ചട്ടവിരുദ്ധമായി മരാമത്ത് പ്രവൃത്തി നടപ്പിലാക്കി

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം. 64/18 പ്രകാരം സ്പിൽ ഓവറായി നടപ്പിലാക്കിയ ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാൾ പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകത ചുവടെ ചേർക്കുന്നു.

5 ലക്ഷം രൂപ അടങ്കലുണ്ടായിരുന്ന എസ്റ്റിമേറ്റിലെ അവസാന ഇനമായി കോൺഫറൻസ് ഹാൾ വൈദ്യുതീകരണത്തിന് 49392 രൂപ ലംപ്സമായി വകയിരുത്തിയിരുന്നു. കെട്ടിട നിർമ്മാണത്തിന്റെ എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷന് ലംപ്സമായി തുക വകയിരുത്തുന്ന സംഗതിയിൽ കെട്ടിടത്തിന്റെ സ്ട്രക്ച്ചർ ആയി കഴിഞ്ഞാൽ ഇവയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങിയതിനുശേഷം മരാമത്ത് ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ച് പ്രവൃത്തി നടത്തുകയുമാണ് വേണ്ടത്. എന്നാൽ ഈ പ്രവൃത്തിയുടെ കാര്യത്തിൽ ഇലക്ട്രിഫിക്കേഷന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെയും ചെയ്ത പ്രവൃത്തിയുടെ അളവുകൾ എം.ബുക്കിൽ രേഖപ്പെടുത്താതെയും പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ 32641 രൂപ ലംപ്സമായി ഉൾപ്പെടുത്തി കരാറുകാരന് പ്രതിഫലം നൽകുകയാണുണ്ടായത്. ബ്ലോക്ക് പഞ്ചായത്തുകൾക്ക് നടത്താവുന്ന പെറ്റി വർക്കുകളുടെ പരിധി 15000 രൂപയായിരിക്കെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെയും, അളവുകൾ രേഖപ്പെടുത്തി ചെക്ക് മെഷർമെന്റ് നടത്തി യഥാർത്ഥ പ്രവൃത്തിമൂല്യം നിർണ്ണയിക്കാതെയും 32641 രൂപ കരാറുകാരന് നൽകിയത് ക്രമപ്രകാരമല്ല. ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-8 ക്രമവിരുദ്ധമായി മരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി

പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥനായ എഞ്ചിനീയറുടെ തൊട്ടുമുകളിലുള്ള തലത്തിലെ എഞ്ചിനീയറായിരിക്കണം. നിർവ്വഹണ ഉദ്യോഗസ്ഥനുതന്നെ താൻ നിർവ്വഹണം നടത്തുന്ന പ്രോജക്ടിന് ഒരു സാഹചര്യത്തിലും സാങ്കേതികാനുമതി നൽകാവുന്നതല്ല (ജി.ഒ.(എം.എസ്.)നം.362/2013/തസ്വഭവ., തീ.16.11.2013 – ഖ.12.4). എന്നാൽ ഓഡിറ്റ് വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയിട്ടുള്ള 9 മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ ഇവയ്ക്ക് സാങ്കേതികാനുമതി നൽകിയിട്ടുള്ളത് നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എക്സി. എഞ്ചിനീയർതന്നെയാണെന്ന് കാണുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ |
|---|---|---|---|
| 1. | 61/18 | അരുവിക്കുഴി കുംഭൻകുഴി റോഡ് പുനരുദ്ധാരണം | 500000 |
| 2. | 62/18 | മിനി വ്യവസായ എസ്റ്റേറ്റിന് കെട്ടിടം അറ്റകുറ്റപ്പണി | 308000 |
| 3. | 63/18 | വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണി | 500000 |
| 4. | 64/18 | ബ്ലോക്ക് പഞ്ചായത്തിന്റെ കോൺഫറൻസ് ഹാൾ പുനരുദ്ധാരണം | 500000 |
| 5. | 65/18 | പൊതു സ്ഥലങ്ങളിൽ ശൗചാലയം നിർമ്മാണം | 1019490 |
| 6. | 66/18 | ഓതറ മാർക്കറ്റ് കുടുംബശ്രീ വിപണന കേന്ദ്രത്തിന്റെ വൈദ്യുതീകരണം | 180000 |
| 7. | 67/18 | തോട്ടപ്പുഴശ്ശേരി സംരക്ഷണഭിത്തി നിർമ്മാണം | 500000 |
| 8. | 68/18 | ഇടത്രാമൺ കണ്ണന്നൂർപറമ്പ് റോഡ് കോൺക്രീറ്റിംഗ് | 500000 |
| 9. | 69/18 | കുലിപ്പാറ മലേക്കീഴ് സൈഡ്കെട്ടി സംരക്ഷണം | 500000 |

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകിയത് ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-9 സെക്രട്ടറിയുടെ പദ്ധതി നിർവ്വഹണത്തിൽ വീഴ്ച

സെക്രട്ടറിയുടെ നിർവ്വഹണച്ചുമതലയിൽ 2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയ ചുവടെ ചേർക്കുന്ന 15 പ്രോജക്ടുകൾ നടപ്പിലാക്കാതെ പദ്ധതിയ്ക്ക് വകയിരുത്തിയ വൻതുക ലാപ്സാക്കിയിട്ടുള്ളതായി കാണുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | ഫണ്ട് ഇനം |
|---|---|---|---|---|
| 1. | 23/18 | വിവിധ സ്ഥലങ്ങളിൽ പൈപ്പ ലൈൻ എക്സ്റ്റൻഷൻ (ഡിവിഷൻ 4) | 302818 | വികസന ഫണ്ട് (ജനറൽ) |
| 2. | 46/18 | കോഴിമല കുടിവെള്ള പദ്ധതി - മോട്ടോർ അനുബന്ധ സൗകര്യങ്ങൾ | 142000 | വികസന ഫണ്ട് (എസ്.എസ്.പി.) |
| 3. | 52/18 | വരയന്നൂർ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 352000 | വികസന ഫണ്ട് (എസ്.എസ്.പി.) |
| 4. | 58/18 | പ്ലാസ്റ്റിക് റീ സൈക്കിളിംഗ് & ഷ്രഡിംഗ് യൂണിറ്റുകൾക്ക് ബ്ലോക്ക് വിഹിതം | 600000 | വികസന ഫണ്ട് (ജനറൽ) |
| 5. | 96/18 | കാഞ്ഞിരപ്പാറ സാംസ്കാരിക നിലയത്തിന് വയറിംഗ് | 352000 | വികസന ഫണ്ട് (എസ്.എസ്.പി.) |
| 6. | 101/18 | പുല്ലേലിമല കോളനി സ്ട്രീറ്റ് മെയിന് സ്ഥാപക്കൽ | 171000 | വികസന ഫണ്ട് (എസ്.എസ്.പി.) |
| 7. | 110/18 | പുല്ലാട് പൊതു മാർക്കറ്റിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ | 400000 | വികസന ഫണ്ട് (ജനറൽ) |
| 8. | 116/18 | കണ്ണങ്കരേത്ത് മുണ്ടപ്ലാക്കൽ പടി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 50000 | വികസന ഫണ്ട് (ജനറൽ) |
| 9. | 119/18 | ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ | 129352 | റോഡിതര മെയിന്റനൻസ് ഗ്രാന്റ് |
| 10. | 122/18 | തോട്ടപ്പുഴ ലക്ഷംവീട് കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 592000 | വികസന ഫണ്ട് (എസ്.എസ്.പി.) |
| 11. | 123/18 | ബഥനിപ്പടി കൊച്ചുകാല കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 500000 | വികസന ഫണ്ട് (ജനറൽ) - 460480<br>തനത് ഫണ്ട് - 39520 |
| 12. | 124/18 | വേങ്ങഴത്തറ സെറ്റിൽമെന്റ് കോളനി പൈപ്പ് | 340000 | വികസന ഫണ്ട് |

| | | | | |
|---|---|---|---|---|
| | | ലൈൻ എക്സ്റ്റൻഷൻ | | (എസ്.എസ്.പി.) |
| 13. | 126/18 | ഉമിക്കുന്നമല കുടിവെള്ള പദ്ധതി | 171000 | വികസന ഫണ്ട് (എസ്.എസ്.പി.) |
| 14. | 128/18 | മാരാമൺ ഡിവിഷനിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ | 302818 | വികസന ഫണ്ട് (ജനറൽ) |
| 15. | 133/18 | മാലിന്യ സംസ്കരണത്തിന് ബ്ലോക്ക് തല റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്റർ | 1500000 | വികസന ഫണ്ട് (ജനറൽ) |
| | | ആകെ | 5904988 | |

മേൽ പറഞ്ഞ പദ്ധതികളിൽ ഭൂരിഭാഗവും പദ്ധതി വിഹിതം ഡെപ്പോസിറ്റ് ചെയ്യുന്നതിനോ കൈമാറ്റം ചെയ്യുന്നതിനോ വേണ്ടിയുള്ള പ്രോജക്ടുകളാണ്. ഈ പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസറുടെ അംഗീകാരം പോലും ആവശ്യമില്ല. പകരം അംഗീകാര യോഗ്യമാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം മതിയാകുന്നതാണ്. ടി പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാതെ 59 ലക്ഷം രൂപ ലാപ്സാക്കിയത് നിർവ്വഹണാധികാരിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. അപാകത പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-10 വാട്ടർ അതോറിറ്റിക്ക് 2.5% അധികം സെന്റേജ് ചാർജ്ജ് നൽകി

2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പടുത്തി വിവിധ കുടിവെള്ള പദ്ധതികളുടെ നിർവ്വഹണത്തിനായി 4579454 രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പരിശോധിച്ചതിൽ വാട്ടർ അതോറിറ്റി 12.5% നിരക്കിലാണ് സെന്റേജ് ചാർജ്ജ് ഈടാക്കിയിട്ടുള്ളതെന്ന് കാണുന്നു. എസ്റ്റിമേറ്റിന്റെ 10% സൂപ്പർ വിഷൻ ചാർജ്ജും 2.5% എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള ചാർജ്ജും ചേർത്ത് ആകെ 12.5% സെന്റേജ് ചാർജ്ജായി ഈടാക്കാമെങ്കിലും പി.ഡബ്ല്യു.ഡി. മാന്വൽ ഖണ്ഡിക 1601.4 പ്രകാരം എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജ്ജായ 2.5% തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും ഈടാക്കാൻ പാടില്ല. പി.ഡബ്ല്യു.ഡി. മാന്വൽ കേരള വാട്ടർ അതോറിറ്റിക്ക് ബാധകമാണ്. 10% സെന്റേജ് കണക്കാക്കുന്നതിനുപകരം 12.5% നിരക്കിൽ സെന്റേജ് ചാർജ്ജ് കണക്കാക്കിയിട്ടുള്ള ഇനത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിന് 90855 രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ഡെപ്പോസിറ്റ് തുക | എസ്റ്റിമേറ്റ് തുക | ഈടാക്കിയ സെന്റേജ് ചാർജ്ജ് (@12.5%) | ഈടാക്കാവുന്ന സെന്റേജ് (@10%) | അധികം |
|---|---|---|---|---|---|---|---|
| 1 | 22/18 | വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (വാർഡ് 1) | 240000 | 208614.72 | 26076.84 | 20861.47 | 5215.37 |
| 2 | 99/18 | അംബേദ്കർ കോളനി കുടിവെള്ള പദ്ധതി | 800000 | 798132.59 | 99766.57 | 79813.26 | 19953.31 |
| 3 | 33/18 | പഴയകാവ് കുടിവെള്ള പദ്ധതി ബഹു വർഷ പദ്ധതി (അടങ്കൽ - 1070000) | 302818 | 947428.46 | 118428.56 | 94742.85 | 23685.71 |
| 4 | 17/18 | ശങ്കരമംഗലം പടി പ്രയാറ്റുകടവ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 240000 | 208614.72 | 26076.84 | 20861.47 | 5215.37 |
| 5 | 26/18 | വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (ഡിവിഷൻ 8) | 200000 | 170743.36 | 21342.92 | 17074.34 | 4268.58 |
| 6 | 30/18 | വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (ഡിവിഷൻ 11) | 250000 | 206306.84 | 25788.36 | 20630.68 | 5157.67 |
| 7 | 106/18 | പുല്ലാട്, തെട്ടപ്പുഴശ്ശേരി, കോയിപ്രം പ്രദേശങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 200000 | 154948.86 | 19368.61 | 15494.89 | 3873.72 |
| 8 | 24/18 | വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (ഡിവിഷൻ 7) | 60000 | 51555.44 | 6444.43 | 5155.54 | 1288.89 |
| 9 | 125/18 | വെട്ടുകുന്ന് എസ്.എസി. | 1000000 | 887854.67 | 110981.83 | 88785.47 | 22196.37 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | കുടിവെള്ളപദ്ധതി | | | | | |
| 10 | 86/18 | ആന്താലിമൺ ചുഴികുന്നമല പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 302818 | | | | |
| 11 | 49/18 | ചെങ്ങമൺ കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 200000 | | | | |
| 12 | 34/18 | വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (വാർഡ് 13) | 389000 | | | | |
| 13 | 42/18 | കണ്ണംപാറ പെരുമ്പാറ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 92000 | | | | |
| 14 | 18/18 | കടയാർ മുതുപാലയ്ക്കൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 302818 | | | | |
| | | ആകെ | 4579454 | | | | 90854.99 |

അധിക നിരക്കിൽ സെന്റേജ് ചാർജ്ജ് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക വാട്ടർ അതോറിട്ടിയിൽനിന്നും തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ പറഞ്ഞ പ്രവൃത്തികളിൽ ക്രമ നമ്പർ 10 മുതൽ 14 വരെ പ്രോജക്ടുകൾക്ക് വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത് അംഗീകരിച്ച എസ്റ്റിമേറ്റിന്റെ അഭാവത്തിലാണെന്ന് കാണുന്നു. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം ഒരു നിർമ്മാണ പ്രവൃത്തിക്ക് കേരള ജല അതോറിട്ടി, വൈദ്യുതി ബോർഡ്, ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകണമെങ്കിൽ ആ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തയ്യാറാക്കി സാങ്കേതികാനുമതി നൽകിയതിനുശേഷം തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങി ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാക്കാതെ, വാട്ടർ അതോറിട്ടി ആവശ്യപ്പെട്ട പ്രകാരമുള്ള തുക ഡെപ്പോസിറ്റ് ചെയ്തത് ക്രമപ്രകാരമല്ല. ഈ പ്രവൃത്തികൾക്ക് ഡെപ്പോസിറ്റ് ചെയ്ത 1286636 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

കൂടാതെ ടി പ്രവൃത്തികൾക്കുള്ള തുകകൾ വാട്ടർ അതോറിട്ടിയുടെ അക്കൗണ്ടിലേക്ക് ഓൺലൈൻ ട്രാൻസ്ഫർ നടത്തിയിരിക്കുകയാണ്. തുക വാട്ടർ അതോറിട്ടി കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീതി വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. ജില്ലയിലെ ഇതര ത്രിതല പഞ്ചായത്തുകൾ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വാട്ടർ അതോറിട്ടിയിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നുണ്ട്. ഈ സാഹചര്യത്തിൽ ഒരോ സ്ഥാപനവും തങ്ങൾ ഡെപ്പോസിറ്റ് ചെയ്ത തുകയും, റഫറൻസ് നമ്പരും (UTR Number) കത്തുമുഖാന്തിരം വാട്ടർ അതോറിട്ടിയെ അറിയിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ ഓൺലൈനായി ട്രാൻസ്ഫർ ചെയ്യുന്ന തുകകൾ ബന്ധപ്പെട്ട സ്ഥാപനത്തിന്റെ പേരിൽ വാട്ടർ അതോറിറ്റിയ്ക്ക് അക്കൗണ്ട് ചെയ്യാൻ സാധിക്കുകയുള്ളൂ. തുകകൾ ഡെപ്പോസിറ്റ് ചെയ്യുന്ന സ്ഥാപനങ്ങൾ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കണമെന്ന് വാട്ടർ അതോറിട്ടി അധികൃതർ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളേയും അറിയിച്ചിട്ടുള്ളതാണ്. അല്ലാത്ത പക്ഷം തിരിച്ചറിയാനാവാത്ത ഡെപ്പോസിറ്റ് തുകകൾ വാട്ടർ അതോറിട്ടിയുടെ സസ്പെൻസ് അക്കൗണ്ടിലേക്ക് വകമാറ്റുമെന്നും അറിയിച്ചിരുന്നു. എന്നാൽ മേൽ പറഞ്ഞ ഡെപ്പോസിറ്റ് തുകകളുടെ വിശദാംശങ്ങൾ വാട്ടർ അതോറിട്ടിയെ കത്ത് മുഖാന്തിരം അറിയിച്ചിട്ടുള്ളതായി കാണുന്നില്ല. ഇക്കാര്യത്തിലുണ്ടായിട്ടുള്ള വീഴ്ച ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-11 സംയുക്ത പദ്ധതികളുടെ നടത്തിപ്പ് - അപാകതകൾ

2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 11 സംയുക്ത പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സംയുക്ത പ്രോജക്ടുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളും, സർക്കാർ ഉത്തരവുകളും പാലിച്ചിട്ടുള്ളതായി കാണുന്നില്ല. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സംയുക്ത പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയതായി കാണുന്നില്ല

കരട് പദ്ധതി രേഖ തയ്യാറാക്കുന്നതിനുമുമ്പ് സംയുക്ത പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യാൻ ജില്ലാതലത്തിൽ ത്രിതല പഞ്ചായത്ത് പ്രസിഡന്റുമാരും സെക്രട്ടറിമാരും യോഗം ചേർന്ന് സംയുക്ത പ്രോജക്ടുകളുടെ പട്ടിക തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങേണ്ടതാണ്. ഈ പട്ടികയിൽ ഉൾപ്പെടുന്ന പ്രോജക്ടുകൾ മാത്രമേ സംയുക്ത പ്രോജക്ടായി ഏറ്റെടുക്കാൻ പാടുള്ളൂ. എന്നാൽ ഇപ്രകാരം പട്ടിക തയ്യാറാക്കിയിട്ടുള്ളതായോ, ആയത് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങിയിട്ടുള്ളതായോ കാണുന്നില്ല.

2. കരാർ ഉടമ്പടി ഇല്ല

പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം സംയുക്ത പ്രോജക്ടുകളിൽ പങ്കാളികളാകുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ തുക കൈമാറിയിട്ടുള്ള ഗ്രാമപഞ്ചായത്തുകളുമായി കരാർ ഉടമ്പടിയിൽ എർപ്പെട്ടിട്ടുള്ളതായി കാണുന്നില്ല.

3. റോഡ് പദ്ധതികൾക്ക് വിഹിതം നൽകിയത് ക്രമപ്രകാരമല്ല

ഓഡിറ്റ് വർഷം ചുവടെ ചേർക്കുന്ന 10 റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | തുക | വിഹിതം ലഭിച്ച സ്ഥാപനം |
|---|---|---|---|---|
| 1. | 72/18 | പാറയിടം പൊയ്ക ചെമ്പുച്ചാൽ റോഡ് പുനരുദ്ധാരണം വിഹിതം നൽകൽ | 250000 | ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് |
| 2. | 77/18 | കൊച്ചുപ്ലാമൂട്ടിൽപടി - ശാലേംപള്ളിപ്പടി റോഡ് കോൺക്രീറ്റിംഗ് | 150000 | കോയിപ്രം ഗ്രാമപഞ്ചായത്ത് |
| 3. | 76/18 | വട്ടാവേലിപ്പടി - കുന്നംതറ റോഡ് കോൺക്രീറ്റിംഗ് | 100000 | കോയിപ്രം ഗ്രാമപഞ്ചായത്ത് |
| 4. | 75/18 | കണ്ണംമൂട്ടിൽപടി - മലഭാഗം റോഡ് | 125000 | കോയിപ്രം ഗ്രാമപഞ്ചായത്ത് |
| 5. | 78/18 | ഇളപ്പുങ്കൽ കാവുംപടി റോഡ് റീ ടാറിംഗ് | 150000 | കോയിപ്രം ഗ്രാമപഞ്ചായത്ത് |
| 6. | 89/18 | ബാലാർക്കൻപടി - വൃന്ദാവനംപടി റോഡ് കോൺക്രീറ്റിംഗ് | 250000 | എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് |
| 7. | 80/18 | ചേറ്റുകണ്ടം പൊടിപ്പാറ റോഡ് റീടാറിംഗ് | 250000 | ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് |
| 8. | 79/18 | കുളങ്ങരേത്ത് ലെയിൻ കോൺക്രീറ്റിംഗ് | 100000 | കോയിപ്രം ഗ്രാമപഞ്ചായത്ത് |
| 9. | 90/18 | ഇരുമ്പുകുഴി അമ്പലപ്പടി കാടമലപ്പടി റോഡ് കോൺക്രീറ്റിംഗ് | 250000 | എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് |
| 10. | 81/18 | പനോട്ടിൽപടി - കല്ലുമാലിൽപടി റോഡ് റീടാറിംഗ് | 250000 | ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് |

21.08.14-ലെ സ.ഉ.(സാധാ.)നം.2179/14/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ ഒരു റോഡിന് 5 ലക്ഷം രൂപ വകയിരുത്തുകയും റോഡിന്റെ വീതി 6 മീറ്റർ ഉണ്ടായിരിക്കുകയും ചെയ്യുകയാണെങ്കിൽ മാത്രമേ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് സംയുക്ത റോഡ് പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടുള്ളു. എന്നാൽ ടി റോഡുകൾക്ക് 6 മീറ്റർ വീതി ഉണ്ടെന്ന് ആരുംതന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ റോഡ് പ്രവൃത്തികൾക്ക് കുറഞ്ഞത് 5 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് വകയിരുത്തണമെന്ന നിബന്ധനയും പാലിച്ചിട്ടില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായാണ് ടി സംയുക്ത പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളത്.

4. ധനകാര്യ വകുപ്പിന്റെ ഉത്തരവ് പാലിച്ചില്ല

സംയുക്ത പ്രോജക്ടിന്റെ വിഭവം വകയിരുത്തലും, വിനിയോഗിക്കലും സംബന്ധിച്ച് ധനകാര്യവകുപ്പിന്റെ 23.01.2017-ലെ ജി.ഒ.(പി.)07/2017/ധന. നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല. പ്രസ്തുത ഉത്തരവ് പ്രകാരം സംയുക്ത പ്രോജക്ടുകൾക്കുള്ള വിഹിതം സെപ്റ്റംബർ 30-ന് മുമ്പായി കൈമാറേണ്ടതാണ്. വിഹിതം ലഭിക്കുന്ന സ്ഥാപനം ആ സാമ്പത്തിക വർഷംതന്നെ തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കുന്നതല്ലെന്ന് കാണുന്ന പക്ഷം ചെലവഴിക്കപ്പെടാൻ സാദ്ധ്യതയില്ലാത്ത തുക ഫെബ്രുവരി 28-നകം ബന്ധപ്പെട്ട സ്ഥാപനത്തിന് തിരികെ നൽകേണ്ടതും, ഇങ്ങനെ തിരികെ ലഭിക്കുന്ന തുക പദ്ധതികൾക്കായി വിനിയോഗിക്കേണ്ടതുമാണ്. മാർച്ച് 31-ന് സംയുക്ത പ്രോജക്ടുകളുടെ അക്കൗണ്ടിൽ ചെലവാകാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് അടക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം ഒരു പ്രോജക്ടിന്റെ കാര്യത്തിൽ ഒഴികെ (പ്രോജക്ട് നം. 89/18) മറ്റ് പ്രോജക്ടുകൾക്കെല്ലാം വിഹിതം കൈമാറിയിട്ടുള്ളത് സെപ്റ്റംബർ മാസത്തിന് ശേഷമാണ്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | തുക | വിഹിതം നൽകിയ തീയതി | ട്രഷറി ബിൽ നം. തീ. |
|---|---|---|---|---|---|
| 1 | 76/18 | വട്ടാവേലിപ്പടി - കുന്നംതറ റോഡ് കോൺക്രീറ്റിംഗ് | 100000 | 20.02.18 | 57/20.02.18 |
| 2 | 75/18 | കണ്ണംമൂട്ടിൽപടി - മലഭാഗം റോഡ് | 125000 | 20.02.18 | 58/20.02.18 |
| 3 | 78/18 | ഇളപ്പുങ്കൽ കാവുംപടി റോഡ് റീ ടാറിംഗ് | 150000 | 20.02.18 | 56/20.02.18 |
| 4 | 80/18 | ചേറ്റുകണ്ടം പൊടിപ്പാറ റോഡ് റീടാറിംഗ് | 250000 | 10.10.17 | 13/28.09.17 |

വിഹിതം ലഭിച്ച സ്ഥാപനങ്ങൾ ധനകാര്യ വകുപ്പിന്റെ ഉത്തരവിൽ പറയും പ്രകാരം ഫണ്ട് ചെലവഴിച്ചതിന്റെയും, മാർച്ച് 31-ന് ചെലവഴിക്കപ്പെടാതെ കിടന്ന് ഫണ്ട് സർക്കാരിലേക്ക് തിരികെ ഒടുക്കിയിട്ടുള്ളതിന്റെയും രേഖകൾ ഒന്നും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിൽനിന്നും സംയുക്ത പ്രോജക്ടുകൾക്ക് വിഹിതം കൈപ്പറ്റിയ സ്ഥാപനങ്ങൾ ഒന്നുംതന്നെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മേൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/11.04.19) അധികൃതർ മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 3-12 എസ്.സി.പി. പ്രോജക്ടുകൾ നടപ്പിലാക്കിയത് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ

എസ്.സി.പി. ഫണ്ട് വകയിരുത്തി നടപ്പിലാക്കുന്ന പൊതു സൗകര്യ പ്രോജക്ടുകളുടെ ഗുണഭോക്തൃ കുടുംബങ്ങളിൽ അമ്പത് ശതമാനത്തിലധികം പട്ടിക ജാതിക്കാരായിരിക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടികയും, സാമൂഹ്യ ഭൂപടവും ബന്ധപ്പെട്ട പ്രദേശത്തിന്റെ ചുമതലയുള്ള പട്ടിക വർഗ്ഗ വികസന ഓഫീസർ സ്ഥല പരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ 2017-18 വർഷം നടപ്പിലാക്കിയിട്ടുള്ള ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്ക് ഇപ്രകാരമുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയാണ് എസ്.സി.പി. ഫണ്ട് വിനിയോഗിച്ചിട്ടുള്ളത്.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | ട്രഷറി ബിൽ നം. തീ. |
|---|---|---|---|---|
| 1 | 99/18 | അംബേദ്കർ കോളനി കുടിവെള്ള പദ്ധതി | 800000 | 66/27.03.08 |
| 2 | 86/18 | ആന്താലിമൺ ചുഴികുന്നമല പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 302818 | 34/01.06.17 |
| 3 | 39/18 | ചുഴന ഹരിജൻ കോളനി കുടിവെള്ള പദ്ധതി | 1000000 | 31/01.06.17 |
| 4 | 49/18 | ചെങ്ങമൺ കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 200000 | 32/01.06.17 |
| 5 | 125/18 | വേട്ടകുന്ന് എസ്.സി. കുടിവെള്ള പദ്ധതി | 1000000 | 67/27.03.18 |
| | | ആകെ | 3302818 | |

ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ പദ്ധതികൾ നടപ്പിലാക്കിയത് ക്രമപ്രകാരമല്ല. ടി പ്രോജക്ടുകൾക്ക് ചെലവഴിച്ച 3302818 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-13 സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ കുടിവെള്ള പദ്ധതികൾ സ്ഥാപിക്കുന്നു

ബ്ലോക്ക് പഞ്ചായത്തിന് നിയമപരമായി ഉടമസ്ഥത സിദ്ധിക്കാത്ത സ്ഥലത്ത് കുടിവെള്ള പ്രോജക്ടുകൾ സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | ഡെപ്പോസിറ്റ് തുക | റിമാർക്സ് |
|---|---|---|---|
| 1 | വേട്ടകുന്ന് എസ്.സി.കോളനി കുടിവെള്ള പദ്ധതി (125/18) | 1000000 | ഓതറ, ചിറ്റേടത്ത് വീട്ടിൽ ശ്രീ ഷാജി വർഗ്ഗീസ് തന്റെ ഉടമസ്ഥാവകാശത്തിൽ ഇരവിപേരൂർ വില്ലേജിൽ സർവ്വേ നം.305/13-ൽപ്പെട്ട സ്ഥലത്ത് കിണറും പമ്പ് ഹൗസും, സർവ്വേ നം.307/4-ൽപ്പെട്ട സ്ഥലത്ത് വാട്ടർ ടാങ്കും സ്ഥാപിക്കുന്നതിന് 200 രൂപ മൂല്യമുള്ള മുദ്രപത്രത്തിൽ സമ്മത പത്രം നൽകിയിരിക്കുന്നു. |
| 2 | പഴയകാവ് കുടിവെള്ള പദ്ധതി - ഡിവിഷൻ 12 (33/18)<br>അടങ്കൽ - ₹1070000 | 302818 | ഓതറ, ഉണ്ടിയിൽ വീട്ടിൽ ശ്രീ റ്റി.സി. മാത്യു തന്റെ ഉടമസ്ഥാവകാശത്തിൽ ഇരവിപേരൂർ വില്ലേജിൽ സർവ്വേ നം.322/15-ൽപ്പെട്ട 2.20 മീറ്റർ സ്ഥലത്ത് വാട്ടർ ടാങ്ക് പണിയുന്നതിന് 200 രൂപ മുദ്രപത്രത്തിൽ സമ്മത പത്രം നൽകിയിരിക്കുന്നു.<br>കിണറും, പമ്പ് ഹൗസും സ്ഥാപിക്കുന്നതിന് ഓതറ, ചിറ്റേടത്ത് വീട്ടിൽ ശ്രീ ഷാജി വർഗ്ഗീസ് തന്റെ ഉടമസ്ഥാവകാശത്തിൽ ഇരവിപേരൂർ വില്ലേജിൽ സർവ്വേ നം.305/13-ൽപ്പെട്ട സ്ഥലം വിട്ടു നൽകുന്നതിന് 200 രൂപ മൂല്യമുള്ള മുദ്രപത്രത്തിൽ സമ്മത പത്രം നൽകിയിരിക്കുന്നു. |
| 3 | ഡോ.അംബേദ്കർ കോളനി | 800000 | ഓതറ, തലക്കേരിൽ വീട്ടിൽ ശ്രീമതി ഗൗരി വാസുവും, മകൻ ശ്രീ രാഹുൽ രാജും തങ്ങളുടെ ഉടമസ്ഥാവകാശത്തിൽ ഇരവിപേരൂർ വില്ലേജിൽ സർവ്വേ നം.370/13-1-2- |

| | | | |
|---|---|---|---|
| | കുടിവെള്ള പദ്ധതി (99/18)<br>അടങ്കൽ - ₹900000 | | ൽപ്പെട്ട സ്ഥലത്തുള്ള കിണർ പദ്ധതിയുടെ ആവശ്യത്തിന് ഉപയോഗിക്കുന്നതിന് 200 രൂപ മുദ്രപത്രത്തിൽ സമ്മത പത്രം നൽകിയിരിക്കുന്നു.<br>വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിന് ഓതറ, കണ്ണങ്ങാട്ടിൽ വീട്ടിൽ ശ്രീമതി ഏലിയാമ്മ തന്റെ ഉടമസ്ഥാവകാശത്തിൽ ഇരവിപേരൂർ വില്ലേജിൽ സർവ്വേ നം.371/2-ൽപ്പെട്ട സ്ഥലം വിട്ടു നൽകുന്നതിന് 200 രൂപ മൂല്യമുള്ള മുദ്രപത്രത്തിൽ സമ്മത പത്രം നൽകിയിരിക്കുന്നു. |
| | ആകെ | 2102818 | |

തദ്ദേശഭരണ സ്ഥാപനത്തിന് നിയമപരമായി ഉടമസ്ഥത സിദ്ധിക്കാത്ത സ്ഥലത്ത് യാതൊരുവിധ നിർമ്മാണ പ്രവൃത്തികളും നടത്താവുന്നതല്ല. തദ്ദേശഭരണ സ്ഥാപനത്തിലേക്ക് വസ്തു ആർജ്ജിക്കലും, കൈയ്യൊഴിക്കലും ചട്ടങ്ങൾ പ്രകാരം ഭൂമിയുടെ ഉടമസ്ഥത ആർജ്ജിക്കാതെ സ്വകാര്യ വ്യക്തികൾക്ക് കരം തീരുവയുള്ള സ്ഥലത്ത് കുടിവെള്ള പദ്ധതികൾ സ്ഥാപിക്കുന്നതിന് പ്രോജക്ടുകൾ ഏറ്റെടുത്തത് വൻതുക വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തത് ക്രമപ്രകാരമല്ല. ഈ പദ്ധതികൾക്ക് ചെലവഴിച്ച തുക (₹2102818) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഭൂമിയുടെ നിയമപരമായ ഉടമസ്ഥത ആർജ്ജിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

# 3-14 ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ - പദ്ധതി പാഴായി

2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും 100000 രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയ്ക്കായി ക്വട്ടേഷൻ ക്ഷണിച്ചതിൽ സായൂജ്യ മെലാഞ്ചേ, വടശ്ശേരിക്കര എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ ക്ഷണിച്ച് 1.5$m^3$ ശേഷിയുള്ള പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റാണ് വാങ്ങിയിട്ടുള്ളത്. പ്ലാന്റിന് ശുചിത്വ മിഷൻ നിശ്ചയിച്ച പ്രകാരം 17500 രൂപയാണ് വില നൽകിയിട്ടുള്ളത്. ഓഡിറ്റ് നടത്തിയ പരിശോധനയിൽ ബ്ലോക്ക് പഞ്ചായത്ത് ക്യാന്റീനിൽ സ്ഥാപിച്ചിരിക്കുന്ന പ്ലാന്റ് യഥാവിധി പ്രവർത്തിപ്പിക്കുന്നില്ലെന്ന് കണ്ടു (ക്യാന്റീൻ നടത്തുന്നത് ഒരു സ്വകാര്യ വ്യക്തിയാണ്). യാതൊരു ദീർഘവീക്ഷണവുമില്ലാതെയാണ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിയ്ക്ക് അടങ്കൽ നിശ്ചയിച്ചതും ദീർഘവീക്ഷണമില്ലാതെയാണ്. 1 ലക്ഷം രൂപ അടങ്കൽ നിശ്ചയിട്ടുണ്ടെങ്കിലും 17500 രൂപ മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. ബാക്കി തുക ലാപ്സായി. 1.5m3 ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റ് തുടർച്ചയായി പ്രവർത്തിപ്പിക്കുന്നതിനാവശ്യമാ മാലിന്യങ്ങൾ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലും അനുബന്ധ ഓഫീസുകളിലുമായി ഉല്പാദിപ്പക്കപ്പെടുന്നില്ല. ഉല്പാദിപ്പക്കപ്പെടുന്ന മാലിന്യത്തെക്കുറിച്ചോ, അത് സംസ്കരിക്കുന്നതിനാവശ്യമായ സംവിധാനത്തിന്റെ ശേഷി സംബന്ധിച്ചോ യാതോരു ധാരണയും കൂടാതെ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയതിനാൽ പദ്ധതിയ്ക്ക് ചെലവഴിച്ച തുക പാഴാകുകായാണുണ്ടായത്. പദ്ധതി ലക്ഷ്യം കണ്ടിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

# 3-15 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ഇല്ല

ബ്ലോക്ക് പഞ്ചായത്ത് മുൻ വർഷങ്ങളിൽ കേരള വാട്ടർ അതോറിറ്റി മുഖാന്തിരം ഏറ്റെടുത്തിട്ടുള്ള ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ഓഡിറ്റിന് ലഭ്യമായിട്ടില്ല

| ക്രമ നം. | പ്രോജക്ട് നം./വർഷം | പ്രോജക്ടിന്റെ പേര് | ഡെപ്പോസിറ്റ് തുക |
|---|---|---|---|
| 1 | 56/13-14 | വടികുളം പ്രിയദർശിനി കുന്നേക്കാട് കുടിവെള്ള പദ്ധതി | 265000 |
| 2 | 22/14-15 | വടികുളം പ്രിയദർശിനി കുന്നേക്കാട് കുടിവെള്ള പദ്ധതി | 73000 |
| 3 | 56/15-16 | ഇരവിപേരൂർ ഗ്രാമപഞ്ചായത്തിലെ SC കോളനികളിൽ കുടിവെള്ള പദ്ധതി | 1515599 |
| 4 | 62/16-17 | മൈലാട്ടുംപാറ വടികുളം പ്രിയദർശിനി കുന്നേക്കാട് കുടിവെള്ള പദ്ധതി | 1000000 |
| 5 | 63/16-17 | ഞുഴൂർ IHDP കോളനി പൈപ്പ് ലൈൻ പുനരുദ്ധാരണം - വാട്ടർ കണക്ഷൻ | 500000 |
| 6 | 64/16-17 | പെരുമ്പാറ കണ്ണംപാറ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 500000 |
| 7 | 66/16-17 | ഉണ്ടിയത്ത്കാല കല്ലുങ്കൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 500000 |
| 8 | 68/16-17 | പ്ലാങ്കമൺ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 499905 |
| 9 | 83/16-17 | മുണ്ടയ്ക്കാമല ഇളവുകണ്ടം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 500000 |
| 10 | 84/16-17 | ശങ്കുവളയംപാറ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 500000 |
| 11 | 91/16-17 | പ്ലാങ്കമൺ വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 458000 |

| | | | |
|---|---|---|---|
| 12 | 92/16-17 | വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 993237 |
| 13 | 93/16-17 | പുല്ലാട് തോട്ടപ്പുഴശ്ശേരി, കോയിപ്രം പ്രദേശങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 591000 |

ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിവരം മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മുൻകൂർ രജിസ്റ്ററിൽ തുകകളുടെ ക്രമീകരണം രേഖപ്പെടുത്തേണ്ടതും, ഡെപ്പോസിറ്റ് തുകയിൽ ചെലവാകാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതുമാണ്. എന്നാൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി./വാട്ടർ അതോറിട്ടി മുതലായ സ്ഥാപനങ്ങൾക്ക് മുൻകൂർ നൽകുന്ന തുകകൾ മുൻകൂർ രജിസ്റ്ററിൽ ചേർക്കുകയോ, തുകകളുടെ ക്രമീകരണം രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. അപാകത പരിഹരിക്കേണ്ടതും, ടി പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

# 3-16 ബാങ്ക് അക്കൗണ്ടിൽ ₹33.34 ലക്ഷം രൂപ കെട്ടികിടക്കുന്നു

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള ചുവടെ ചേർക്കുന്ന രണ്ട് അക്കൗണ്ടുകളിലായി 31.03.2018-ൽ 3334371 രൂപ നിഷ്ക്രീയമായി കിടക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് നം. | ബാങ്കിന്റെ പേര് | 31.03.2018-ൽ അക്കൗണ്ടിലെ നീക്കിയിരുപ്പ് |
|---|---|---|
| 57032553570 (മിസലേനിയസ് അക്കൗണ്ട്) | എസ്.ബി.ഐ., പുല്ലാട് | 1282315 |
| 4303000100033832 (ടി.എസ്.സി.) | പഞ്ചാബ് നാഷണൽ, ബാങ്ക്, കുമ്പനാട് | 2052056 |

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ എസ്.ബി.ഐ. പുല്ലാട് ശാഖയിലുള്ള മിസലേനിയസ് അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയുടെ ഇനം തിരിച്ചുള്ള കണക്കുകൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല. പഞ്ചാബ് നാഷണൽ ബാങ്കിന്റെ കുമ്പനാട് ശാഖയിലുള്ള ടി.എസ്.സി. അക്കൗണ്ടിൽ നീക്കിയിരുപ്പുള്ള തുകയിൽ 1315000 ലക്ഷം രൂപ നിർമ്മൽ പുരസ്കാരം ഇനത്തിൽ 01.02.2010-ൽ കേന്ദ്ര സലർക്കാരിൽനിന്നും ലഭിച്ചതാണ് (ആകെ ലഭിച്ച 20 ലക്ഷം രൂപയിൽ 6.8 ലക്ഷം രൂപ 2012-13-ൽ ചെലവഴിച്ചിട്ടുണ്ട്). നിർമ്മൽ പുരസ്കാര തുകയുടെ വിനിയോഗം സംബന്ധിച്ച് ഗ്രാമ വികസന കമ്മീഷണർ 18.12.2009-ലെ ഇ.ഡി/320/07/സി.ആർ.ഡി. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ഈ തുക ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ ശുചിത്വ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായിരുന്നു ചെലവഴിക്കേണ്ടിയിരുന്നത്. എന്നാൽ പ്രസ്തുത തുക ഫലപ്രദമായി ചെലവഴിക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

മേൽ കാണിച്ചിരിക്കുന്ന പ്രകാരം ചെലവഴിക്കാനാവാതെ വൻതുക അക്കൗണ്ടിൽ കെട്ടി കിടക്കുന്നത് തുടർനടപടികൾക്കായി അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പ്രസ്തുത തുകകൾ തനത് ഫണ്ട് സ്രോതസ്സായി പരിഗണിച്ച് വാർഷിക പദ്ധതിയിൽ വകയിരുത്തി ചെലവഴിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

# 3-17 മെയിന്റനൻസ് ഫണ്ട് വിനിയോഗത്തിൽ വീഴ്ച; 20.40 ലക്ഷം രൂപ നഷ്ടമായി

2017-18 സാമ്പത്തിക വർഷം റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായത് 3515747രൂപയായിരുന്നു. എന്നാൽ ലഭ്യമായ തുകയിൽ 1475517 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് (41.97%). അതത് വർഷങ്ങളിൽ നടപ്പിലാക്കാതെ സ്പിൽ ഓവറാകുന്ന പ്രോജക്ടുകൾക്കുള്ള ക്യാരിഓവർ വിഹിതം അടുത്ത വർഷം സർക്കാർ പ്രത്യേകമായി അനുവദിക്കുമെന്ന് പറഞ്ഞിരുന്നെങ്കിലും 2018-19 വർഷം ബ്ലോക്ക് പഞ്ചായത്തിന് മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ക്യാരിഓവർ വിഹിതമൊന്നും ലഭിച്ചില്ല. 2017-18-ൽ ചെലവഴിക്കപ്പെടാതിരുന്ന 20.40 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമായി.

# 3-18 കുടുംബശ്രീ വിപണന കേന്ദ്രം നിഷ്ക്രീയം

ഇരവിപേരൂർ ഗ്രാമപഞ്ചായത്തിലെ ഓതറ മാർക്കറ്റിൽ കുടുംബശ്രീ വിപണന കേന്ദ്രം നിർമ്മിക്കുന്നതിന് 2010-11-ലാണ് ഗ്രാമപഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്തിന് സ്ഥലം വിട്ടുകൊടുത്തത്. 05.10.2015-ൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കിയെങ്കിലും നാളിതുവരെ കെട്ടിടം ഗ്രാമപഞ്ചായത്തിന് കൈമാറുകയോ, ഉപയോഗത്തിന് തുറന്ന് കൊടുക്കുകയോ ചെയ്തിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.5/14-15 പ്രകാരം പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും 15ലക്ഷം രൂപയും, കേന്ദ്രാവിഷ്കൃത ഫണ്ടിൽനിന്നും (എസ്.ജി.എസ്.വൈ. ഇൻഫ്രാസ്ട്രക്ചർ ഫണ്ട്)

1050000 രൂപയും ഉൾപ്പടെ ആകെ 25.5 ലക്ഷം രൂപ അടങ്കൽ വകയിരുത്തി ഓതറ മാർക്കറ്റിൽ മൂന്ന് കടമുറികളും ടോയ് ലറ്റും, ഒന്നാം നിലയിൽ കോൺഫറൻസ് ഹാളും അടങ്ങുന്ന ഉദ്ദേശ്യം 1800 ച.അടി വിസ്തൃതിയുള്ള ഒരു കുടുംബശ്രീ വിപണന കേന്ദ്രത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയത്. കെട്ടിടം നിർമ്മിക്കുന്നതിന് 2080674 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. കെട്ടിടത്തിന്റെ വൈദ്യുതീകരണം പൂർത്തിയാക്കാത്തതിനാലാണ് കെട്ടിടം ഗ്രാമപഞ്ചായത്തിന് വിട്ടുകൊടുക്കാൻ സാധിക്കാത്തത്.

പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷന് 290300 രൂപ വകയിരുത്തിയിരുന്നെങ്കിലും പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് അധികൃതർ നടപടി സ്വീകരിച്ചിട്ടില്ല. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം ഒരു കെട്ടിടനിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ, അതെല്ലാം പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഇലക്ട്രിഫിക്കേഷന് എസ്റ്റിമേറ്റിൽ ലംപ്സമായി തുക വകയിരുത്തുകയും കെട്ടിടത്തിന്റെ സ്ട്രക്ചർ ആയികഴിഞ്ഞാൽ ഇവയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നേടിയതിനുശേഷം ഈ പ്രവൃത്തികൾ ചെയ്യുകയുമാണ് വേണ്ടത്. 05.07.2014-ൽ അംഗീകാരം ലഭിച്ച ഈ പദ്ധതിയുടെ ഭാഗമായുള്ള വയറിംഗ് ജോലികൾ സമയബന്ധിതമായി നിർവ്വഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് അധികൃതരുടെ ഭാഗത്തുനിന്നുള്ള കൃത്യവിലോപമാണ്. ഇക്കാരണത്താൽ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടം വർഷങ്ങൾ പിന്നിട്ടിട്ടും ഉപയോഗത്തിന് തുറന്ന് കൊടുക്കാനാവാതെ പൊതു ഖജനാവിൽനിന്നും മുടക്കിയ 20.8 ലക്ഷം രൂപ പ്രയോജന രഹിതമായി അവശേഷിക്കുന്നതിന് ഇടയായിരിക്കുന്നു.

വയറിംഗ് ജോലികൾ എത്രയും വേഗം പൂർത്തിയാക്കി കെട്ടിടം ഉപയോഗത്തിന് തുറന്ന് കൊടുക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

# 3-19 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വികസന ഫണ്ടിൽനിന്നും ഓണറേറിയം നൽകി

2017-18 വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ക്യാൻസർ നിർണ്ണയ ക്യാമ്പ് ( നം-15/18) എന്ന പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും 150000 രൂപ ചെലവഴിച്ചിട്ടുണ്ട് (ബിൽ നമ്പർ-6/2017 തീയതി 22.12.2017). ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 6 സ്ഥലങ്ങളിലായി സംഘടിപ്പിച്ച ക്യാമ്പുകളിൽ പങ്കെടുത്ത ഡോക്ടർമാർ, സ്റ്റാഫ് നേഴ്സമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ തുടങ്ങിയ സർക്കാർ ജീവനക്കാർക്കും ആശാ വർക്കർമാർക്കും ഓണറേറിയം നൽകുന്നതിനായി 36900 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിൽ തുക വകയിരുത്തി ശമ്പളമോ ഓണറേറിയമോ നൽകാൻ പാടില്ലെന്ന് 03.04.2017-ലെ സ.ഉ.(എം.എസ്.) നം. 80/2017/ത.സ്വ.ഭ.വ നമ്പർ സബ്സിഡി മാർഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനു വിരുദ്ധമായി ഓണറേറിയം നൽകിയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ 15/2017-18 തീയതി 08.04.2019) നൽകിയിരുന്നുവെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ഓണറേറിയം നൽകാൻ ചെലവായ 36900 രൂപ തടസ്സപ്പെടുത്തുന്നു. അപാകതയ്ക്ക് മതിയായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 3-20 സംയുക്ത പ്രോജക്ടുകൾക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സംയുക്ത പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച 23.01.2017-ലെ ജി.ഒ.(പി) നം.07/2017 നമ്പർ ഉത്തരവ് അനുസരിച്ച് നിർവ്വഹണം നടത്തിയ തദ്ദേശ സ്വയം ഭരണ സ്ഥാപനം വിനിയോഗിക്കാൻ അവശേഷിക്കുന്ന തുക വിഹിതം നൽകിയ സ്ഥാപനത്തിന് ഫെബ്രുവരി 28 നകം തിരികെ നൽകേണ്ടിയിരുന്നു. കൂടാതെ മാർച്ച് 31 ന് ഈയിനത്തിൽ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരികെ അടയ്ക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ വിഹിതം നൽകിയ തുക പൂർണ്ണമായി ചെലവഴിച്ചെന്ന് ഉറപ്പാക്കാൻ സാധിക്കില്ല.

ഓഡിറ്റ് വർഷം ചുവടെ ചേർത്തിരിക്കുന്ന സംയുക്ത പദ്ധതികൾക്ക് വിഹിതം കൈമാറിയിട്ടുള്ള ഗ്രാമപഞ്ചായത്തുകളിൽ നിന്നുമുള്ള വിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1. **<u>പാലിയേറ്റീവ് കെയർ ബ്ലോക്ക് വിഹിതം</u>**

2017-18 വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ ബ്ലോക്ക് വിഹിതം (നം. 91/19) എന്ന പ്രോജക്ടിനായി ആകെ 600000 രൂപ വികസനഫണ്ടിൽ നിന്നും വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം. | ഗ്രാമപഞ്ചായത്ത് | നൽകിയ തുക |
|---|---|---|
| 1 | അയിരൂർ | 100000 |
| 2 | പുറമറ്റം | 100000 |
| 3 | ഇരവിപേരൂർ | 100000 |
| 4 | കോയിപ്രം | 200000 |
| | | |

| | | |
|---|---|---|
| 6 | എഴുമറ്റൂർ | 100000 |

2. **ഭിന്നശേഷി ഉള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്**

2017-18 വർഷം ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ സ്കോളർഷിപ്പ് പദ്ധതിക്കായി (നം. 91/19- ഭിന്നശേഷി ഉള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്) ആകെ 798000 രൂപ വികസനഫണ്ടിൽ നിന്നും വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം. | ഗ്രാമപഞ്ചായത്ത് | നൽകിയ തുക |
|---|---|---|
| 1 | ഇരവിപേരൂർ | 189000 |
| 2 | എഴുമറ്റൂർ | 126000 |
| 3 | പുറമറ്റം | 120000 |
| 4 | കോയിപ്രം | 177000 |
| 5 | തോട്ടപ്പുഴശ്ശേരി | 66000 |
| 6 | അയിരൂർ | 120000 |

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നും വിനിയോഗസാക്ഷ്യപത്രം വാങ്ങി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 3-21 ഓഡിറ്റ് നിരീക്ഷണത്തെ തുടർന്ന് കരാറുകാരിൽനിന്നും പിഴ ഈടാക്കി

ഓഡിറ്റ് വർഷം ടെണ്ടർ ചെയ്ത 3 മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ ടെണ്ടർ ഉറപ്പിച്ച് നിശ്ചിത സമയപരിധിക്കകം എഗ്രിമെന്റ് വെച്ചിരുന്നില്ല. ജി.ഒ.(പി) 13/2012/PWD/01-02-2012 പ്രകാരമുള്ള പുതുക്കിയ KPWD മാന്വൽ അനുസരിച്ച് ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7 ദിവസത്തിനകമോ Firm period-നകമോ (ഏതാണോ ആദ്യം അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് അയക്കണം. സെലക്ഷൻ നോട്ടീസ് നിയമാനുസൃതം അയച്ച തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1%പിഴ ഈടാക്കി (മിനിമം ₹1000, മാക്സിമം ₹25000) കരാറുടമ്പടി വെയ്ക്കാം. 14ദിവസവും പിഴയോടുകൂടിയ 10ദിവസവും കഴിഞ്ഞും കരാറുടമ്പടി വെയ്ക്കാത്തപക്ഷം കരാർ റദ്ദാക്കണം. EMDകണ്ട് കെട്ടി ടെണ്ടർ നിബന്ധനകളിലെ വ്യവസ്ഥകൾ പ്രകാരമുള്ള മറ്റു നടപടികളും സ്വീകരിക്കണം. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ കരാറുകാർക്ക് ഈ നടപടിക്രമങ്ങളൊന്നും പാലിക്കാതെ എഗ്രിമെന്റ് വെയ്ക്കാൻ അനുവദിക്കുകയാണുണ്ടായത്.

| ക്രമ നം. | പ്രൊജക്റ്റിന്റെ പേര്, കരാറുകാരൻ, കരാർ തുക | ടെണ്ടർ തീയതി | സെലക്ഷൻ നോട്ടീസ് അയച്ച തീയതി | സെലക്ഷൻ നോട്ടീസ് പ്രകാരം എഗ്രിമെന്റ് വയ്ക്കേണ്ട തീയതി | എഗ്രിമെന്റ് വെച്ച തീയതി/ എഗ്രിമെന്റ് നം. | പിഴ ഈടാക്കേണ്ടിയിരുന്നത് |
|---|---|---|---|---|---|---|
| 1 | കളരിത്തറയ്ക്കൽപടി - ചുഴുകുന്നിൽപടി റോഡ് കോൺക്രീറ്റിംഗ് (10/18)<br>കരാറുകാരൻ - ശ്രീ മോഹൻകുമാർ ബി.<br>കരാർ തുക – 390288 | 24.08.17 | 23.09.17 | 07.10.17 | 10.10.17 | 3903 |
| 2 | അയിരൂർ പതിമൂന്നാം വാർഡിലെ ബണ്ടുറോഡ് (11/180)<br>കരാറുകാരൻ - ശ്രീ മോഹൻകുമാർ ബി.<br>കരാർ തുക – 389722 | 24.08.17 | 23.09.17 | 07.10.17 | 10.10.17 | 3897 |
| 3 | ഇരവിപേരൂർ കോഴിമല കോളനി റോഡ് സംരക്ഷണഭിത്തി (113/18) | 24.08.17 | 30.11.17 | 15.12.17 | 22.12.17 | 3650 |

| | | | | | | |
|---|---|---|---|---|---|---|
| | കരാറുകാരൻ - ശ്രീ രാജു പി.എം.<br><br>കരാർ തുക - 365000 | | | | | |
| | ആകെ | | | | | 11450 |

ഓഡിറ്റ് നിരീക്ഷണത്തെ തുടർന്ന് മേൽപറഞ്ഞ പ്രകാരമുള്ള 11450 രൂപ 16.04.19-ലെ 119020100001 നമ്പർ രസീത് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി രസീതി ഓഡിറ്റിന് ഹാജരാക്കി.

# 3-22 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിന്റെയും, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെയും ആസ്തികൾ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തുന്നതിലും, സംരക്ഷിക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ട്. 12-ാം പഞ്ചവത്സര പദ്ധതിയുടെ ആരംഭത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി സൃഷ്ടിക്കപ്പെട്ടതും ആർജ്ജിച്ചതുമായ എല്ലാ സ്ഥാവര-ജംഗമ ആസ്തികളുടെയും കണക്കെടുക്കണമെന്നും നിലവിലുള്ള ആസ്തികളുടെ സംരക്ഷണം പരിപാലനം, ഉപയോഗ ക്ഷമത എന്നിവ ഉറപ്പുവരുത്തണമെന്നും സർക്കാർ നിഷ്കർഷിച്ചിരുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ ഇപ്രകാരം ആസ്തികളുടെ കണക്കെടുപ്പ് നടത്തുകയോ ആസ്തികളുടെ ഉപയോഗക്ഷമത ഉറപ്പുവരുത്തുകയോ ചെയ്തിട്ടില്ല. കൂടാതെ തദ്ദേശഭരണ സ്ഥാപനത്തിലെ അടിസ്ഥാന രേഖയായ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 2011-12 വരെ ആർജ്ജിച്ച ആസ്തികൾ മാത്രമാണ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തുടർന്ന് നാളിതുവരെ ആർജ്ജിച്ച കുന്നംകോളനി സാംസ്കാരിക നിലയം, തോട്ടപ്പുഴശ്ശേരി മഹിളാ സമാജം കെട്ടിടം, ജില്ലാ പഞ്ചായത്തിൽ നിന്ന് കൈമാറിക്കിട്ടിയ എഴുമറ്റൂർ വൃദ്ധസദനം മുതലായ കെട്ടിടങ്ങൾ ഒന്നുംതന്നെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് വക ഭൂമിയുടെ സർവ്വേ നമ്പർ, അളവ് എന്നിവയും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടുള്ളതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1. | കേരള വാട്ടർ അതോറിറ്റി | ശങ്കരമംഗലപടി പ്രയാറ്റ് കടവ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 225000 | 0 | 225000 |
| 2. | കേരള വാട്ടർ അതോറിറ്റി | കടയാർ മുളപാലയ്ക്കൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 302818 | 0 | 302818 |
| 3. | കെ.എസ്.ഇ.ബി. | തെള്ളിയൂർ ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 302818 | 0 | 302818 |
| 4. | കേരള വാട്ടർ അതോറിറ്റി | വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (ഡിവിഷൻ 1) | 302818 | 0 | 302818 |
| 5. | കേരള വാട്ടർ അതോറിറ്റി | വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (ഡിവിഷൻ 7) | 60409 | 0 | 60409 |
| 6. | കെ.എസ്.ഇ.ബി. | വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ (ഡിവിഷൻ 7) | 192409 | 0 | 192409 |
| 7. | കേരള വാട്ടർ അതോറിറ്റി | വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (ഡിവിഷൻ 8) | 200000 | 0 | 200000 |
| 8. | കെ.എസ്.ഇ.ബി. | അരുവിക്കുഴി സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ (ഡിവിഷൻ 8) | 102818 | 0 | 102818 |

| | | | | | |
|---|---|---|---|---|---|
| 9. | കേരള വാട്ടർ അതോറിറ്റി | വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (ഡിവിഷൻ 11) | 302818 | 0 | 302818 |
| 10. | കേരള വാട്ടർ അതോറിറ്റി | പഴയകാവ് കുടിവെള്ള പദ്ധതി (ഡിവിഷൻ 12) | 302818 | 0 | 302818 |
| 11. | കേരള വാട്ടർ അതോറിറ്റി | വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (ഡിവിഷൻ 13) | 389000 | 0 | 389000 |
| 12. | കേരള വാട്ടർ അതോറിറ്റി | ചൂഴന ഹരിജൻ കോളനി കുടിവെള്ള പദ്ധതി | 1000000 | 0 | 1000000 |
| 13. | കേരള വാട്ടർ അതോറിറ്റി | കണ്ണംപാറ പെരുമ്പാറ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 92000 | 0 | 92000 |
| 14. | കേരള വാട്ടർ അതോറിറ്റി | ചെങ്ങമൺ കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 200000 | 0 | 200000 |
| 15. | കേരള വാട്ടർ അതോറിറ്റി | അന്താലിമൺ ചുഴികുന്നമല പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 302818 | 0 | 302818 |
| 16. | കേരള വാട്ടർ അതോറിറ്റി | ഡോ. അംബേദ്കുമാർ കോളനി കുടിവെള്ള പദ്ധതി | 800000 | 0 | 800000 |
| 17. | കേരള വാട്ടർ അതോറിറ്റി | പുല്ലാട്, തോട്ടപ്പുഴശ്ശേരി കോയിപ്രം പ്രദേശങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 200000 | 0 | 200000 |
| 18. | കെ.എസ്.ഇ.ബി. | ഇടത്തറ കോളനി സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ | 76650 | 0 | 76650 |

# 4-2 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

# 4-3 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

# 4-4 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷങ്ങളിൽ സ്ഥിരനിക്ഷേപമില്ല

# 4-5 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് വർഷം വരവ് ഇല്ല.

# 4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ളതും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ളതുമായ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 16 | 2001-02 | V-3-8-1 | അഡ്വാൻസ് വാങ്ങി പണി ചെയ്യാതിരുന്നത് | തീർപ്പാക്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 1998-99 | 34, 35 | 2001-02 | V-3-8-2 | അരിപ്പൊടി, മുളക്പൊടി യൂണിറ്റുകൾക്ക് നൽകിയ തുക അംഗീകരിക്കുന്നില്ല | തീർപ്പാക്കിയിട്ടില്ല |

# 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് തുക ഉൾപ്പെടെ) | ₹68523146 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹60823165 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹4539 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹5656613 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 4539 | -- | ശ്രീമതി ബിന്ദു വേലായുധൻ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |

(സി) <u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-1 | 179800 | ശ്രീമതി ബിന്ദു വേലായുധൻ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-6 | 497500 | ശ്രീമതി ബിന്ദു വേലായുധൻ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-7 | 32641 | ശ്രീമതി ബിന്ദു വേലായുധൻ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-10 | 1286636 | ശ്രീമതി റെക്സി തോമസ്, സെക്രട്ടറി |
| 3-12 | 3302818 | ശ്രീമതി റെക്സി തോമസ്, സെക്രട്ടറി |
| 3-13 | 2102818 | ശ്രീമതി റെക്സി തോമസ്, സെക്രട്ടറി |
| 3-14 | 17500 | ശ്രീമതി റെക്സി തോമസ്, സെക്രട്ടറി |
| 3-19 | 36900 | ഡോ. ജ്യോതീന്ദ്രൻ എസ്., അസി. സർജൻ |

(ഡി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഇ) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(എഫ്) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ബിന്ദു വേലായുധൻ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | എൽ.എസ്.ജി.ഡി. സബ്ഡിവിഷൻ, ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് | പ്രസാദം, കവിയൂർ പി.ഒ., തിരുവല്ല |

# 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്.പി.റ്റി.എ-പി5-866/99 തീയതി 31-01-01 | 8 |

| | | |
|---|---|---|
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി5-443/00 തീയതി 05-05-01 | 1 |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി5-708/02 തീയതി 05-03-04 | 5 |
| 2001-02 | എൽ.എഫ്.പി.റ്റി.എ-പി5-312/04 തീയതി 04-11-04 | 1 |
| 2002-03 | എൽ.എഫ്.പി.റ്റി.എ-പി6-257/06 തീയതി 05-03-07 | 8 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി6-881/07 തീയതി 07-06-08 | 6 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി6-882/07തീയതി 07-06-08 | 6 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി6-883/07തീയതി 03-04-08 | 6 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി6-700/08 തീയതി 15-05-09 | 8 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി3-704/09 തീയതി 13-05-11 | 21 |
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി2-564/11 തീയതി 13-12-11 | 14 |
| 2009-10 & 2010-11 | എൽ.എഫ്.പി.റ്റി.എ-പി2-113/13 തീയതി 03-09-13 | എല്ലാ ഖണ്ഡികകളും |
| 2011-12 & 2012-13 | എൽ.എഫ്.പി.റ്റി.എ-പി2-211/14 തീയതി 12-09-14 | എല്ലാ ഖണ്ഡികകളും |
| 2013-14 | എൽ.എഫ്.പി.റ്റി.എ-പി2-124/15 തീയതി 06-06-15 | എല്ലാ ഖണ്ഡികകളും |
| 2014-15 | നം.കെ.എസ്.എ.പി.റ്റി.എ.പി2-320/2016 തീയതി: 22.03.2016 | 12 |
| 2015-16 | നം.കെ.എസ്.എ.പി.റ്റി.എ.പി13-335/2017 തീയതി: 06.05.17 22.03.2016 | 12 |
| 2016-17 | നം.കെ.എസ്.എ.പി.റ്റി.എ.പി12-1302/2017 തീയതി: 07.12.2017 | 14 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഷാജഹാൻ എ.എസ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

# അനുബന്ധം - 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി2/343/2019 തീയതി: 08.05.2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഷാജഹാൻ എ എസ്**

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**പത്തനംതിട്ട**

# Annexure - 1 CERTIFICATE

No.KSAPTA/P2/343/2019 Dated: 08.05.2019

Certified that I have examined the Annual Financial Statement of **Koipram Block Panchayat** in Pathanamthitta District for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Koipram Block Panchayat for the year 2017-18 except the observations in my report properly presents the picture of income and expenditure.

**Shajahan A. S.**

**Senior Deputy Director**

**Kerala State Audit Department**

**Pathanamthitta**